**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1159** **15-10-2026-ൽ മറുപടിയ്ക്ക്**

**നാഷണൽ ഹൈവേ 66**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** നാഷണൽ ഹൈവേ 66 - ന്റെ വടകര നിയോജക മണ്ഡലത്തിലെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന പാളിച്ചകളും പോരായ്മകളും അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. അണ്ടർപാസുകൾ, വയഡക്ടുകൾ തുടങ്ങിയ അധിക നിർമ്മിതികൾ ആവശ്യപ്പെട്ടുള്ള പൊതുജനങ്ങളുടെ പ്രതിഷേധങ്ങളും നീണ്ടുനിന്ന മൺസൂണും വടകരയിലെ ദേശീയപാത നിർമ്മാണ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ദേശീയപാത അതോറിറ്റിയും കൺസഷനയറും 04.06.2026-ന് ഒരു സെറ്റിൽമെന്റ് കരാറിൽ ഏർപ്പെട്ടു. പ്രസ്തുത കരാർ പ്രകാരം, വടകര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കി.മീ. 196+000 മുതൽ കി.മീ. 202+000 വരെയുള്ള 6 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ നിർമ്മാണം 30.03.2028-നകം പൂർത്തിയാക്കേണ്ടതാണ്. ബാധകമായ IRC, MoRTH വ്യവസ്ഥകൾക്ക് അനുസൃതമായി കൺസഷനയർ ആവശ്യമായ ട്രാഫിക് ഡൈവേർഷനുകളും സുരക്ഷാ ക്രമീകരണങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികൾ തൃപ്തികരമായ രീതിയിൽ പുരോഗമിച്ചുവരുന്നു. ട്രാഫിക് ബോട്ടിൽനെക്ക് കണ്ടെത്തുന്നതിനും ഗതാഗതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ബന്ധപ്പെട്ട ട്രാഫിക് പോലീസ് അധികാരികളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്. നിലവിൽ, ട്രാഫിക് ബന്ധപ്പെട്ട പ്രത്യേക പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നിരുന്നാലും, തിരക്കേറിയ സമയങ്ങളിൽ പ്രധാനമായും At-grade ജംങ്ഷനുകളിൽ നിർമ്മാണ പ്രവൃത്തികൾ തുടരുന്നതും കാരണം ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്. പദ്ധതിയുടെ പ്രസ്തുത ഭാഗത്തെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഈ പ്രശ്നം പരിഹരിക്കപ്പെടും.

**(ബി)** എൻ.എച്ച് 66 - ന്റെ ഭാഗമായി വടകര മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ യഥാസമയം നടക്കാത്തത് കാരണം ദുരിത പൂർണമായ യാത്രപ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വടകരയിലെ പ്രധാന കേന്ദ്രങ്ങളിൽ അടിപ്പാതകൾക്കു വേണ്ടി നടക്കുന്ന ജനകീയ സമരങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** വടകരയിലെ പൊതുജനങ്ങളുടെ ന്യായമായതും സാങ്കേതികമായി പ്രായോഗികവുമായ എല്ലാ ആവശ്യങ്ങളും യഥാവിധി പരിഗണിക്കുകയും അവ താഴെ വിശദീകരിച്ചിരിക്കുന്നതുപോലെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

I. Viaduct of 561 m (Ch. 200+116 to 200+677) II. Viaduct of 2,139 m

III. Pedestrian Underpass (PUP) at Ch.199+325

IV. Service road of 540 m on both sides (Ch.198+700 to Ch. 199+240)

**സെക്ഷൻ ഓഫീസർ**